പെയിന്റിങ്ങിനുള്ള നിർദ്ദേശങ്ങൾ

1. മീഡിയം: വാട്ടർ കളർ, അക്രിലിക്, പേസ്റ്റലുകൾ, കളർ പെൻസിൽ അല്ലെങ്കിൽ ക്രയോൺസ് എന്നിവ ഉപയോഗിക്കാം
2. പേപ്പർ: വലുപ്പം 20cm x 30cm നും 30cm x 42cm ഇടയിലായിരിക്കണം

പൂർത്തിയായ പെയിന്റിങ്ങ് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

1. 2021 സെപ്റ്റംബർ 30 -നോ അതിനുശേഷമോ നിങ്ങളുടെ രജിസ്റ്റർ ചെയ്ത ഇമെയിൽ ഐഡിയിലേക്ക് ഒരു പാസ്കോഡ് അയയ്ക്കും.
2. ഡ്രോയിംഗ് ഷീറ്റിന്റെ മുകളിൽ വലത് കോണിൽ നിങ്ങളുടെ പാസ്കോഡ് നിർബന്ധമായും എഴുതുക.
3. വെബ്സൈറ്റിൽ നൽകിയിരിക്കുന്ന ഷെഡ്യൂൾ അനുസരിച്ച് പെയിന്റിങ്ങ് മത്സരത്തിന്റെ ദിവസം നിങ്ങൾക്ക് ഇ മെയിലിൽ അയച്ചുതന്നിട്ടുള്ള നിർദ്ദിഷ്ട വിഷയത്തിൽ മാത്രമേ പെയിന്റിങ്ങ് നടത്താൻ പാടുള്ളൂ. ചിത്രം അപ്ലോഡ് ചെയ്യാനുള്ള ലിങ്കും ഇതോടൊപ്പം അയക്കുന്നതാണ്.
4. പെയിന്റിങ്ങ് പൂർത്തിയായതിനുശേഷം, പെയിന്റിങ്ങിന്റെ ഒരു ഫോട്ടോ അല്ലെങ്കിൽ സ്കാൻ ചെയ്ത ചിത്രം നല്ല വെളിച്ചത്തിൽ എടുക്കുക. വരച്ച ചിത്രവും അതിലെ നിറങ്ങളും ശരിയായി പകർത്താൻ ശ്രമിക്കുക.
5. ഫോട്ടോ എടുക്കുമ്പോൾ 15 സെന്റിമീറ്ററിന്റെ ഒരു സാധാരണ സ്കെയിൽ പെയിന്റിങ്ങിനോട് ചേർത്ത് വയ്ക്കുക.
6. ഫോട്ടോയിൽ പെയിന്റിങ്ങും സ്കെയിലും അല്ലാതെ മറ്റു വസ്തുക്കൾ ഒന്നും ഉണ്ടാവാൻ പാടില്ല. ഫോട്ടോ എടുക്കുമ്പോൾ പങ്കെടുക്കുന്നയാൾ ഫ്രെയിമിൽ ഇല്ലെന്ന് ഉറപ്പുവരുത്തുക.
7. നൽകിയിരിക്കുന്ന പാസ്കോഡ് ഒഴികെ,പേരോ സ്കൂളിന്റെ പേരോ അതുപോലെ പങ്കെടുക്കുന്ന വ്യക്തിയെ തിരിച്ചറിയാനുതകുന്ന മറ്റേതെങ്കിലും വിശദാംശങ്ങളോ ഡ്രോയിംഗ് ഷീറ്റിലോ ഫയലിൻറെ പേരിലോ ഉണ്ടാകാൻ പാടില്ല.
8. ഫോട്ടോ അല്ലെങ്കിൽ സ്കാൻ ചെയ്ത ചിത്രം .jpg അല്ലെങ്കിൽ .pdf ഫോർമാറ്റിൽ അപ്ലോഡ് ചെയ്യണം .ചിത്രത്തിൻറെ വലുപ്പം 10MB യിൽ കവിയാൻ പാടില്ല.

9. ഓരോ പെയിന്റിങ്ങിന്റെയും ഒരു ചിത്രം മാത്രമേ അപ്‌ലോഡ് ചെയ്യാൻ അനുവദിക്കുകയുള്ളൂ

10. ഫോട്ടോ അല്ലെങ്കിൽ സ്കാൻ ചെയ്ത ചിത്രം നിങ്ങളുടെ PASSCODE.jpg / PASSCODE.pdf ഉപയോഗിച്ച് പുനർനാമകരണം ചെയ്യണം. ഉദാഹരണത്തിന് നിങ്ങളുടെ പാസ്കോഡ് 090921SANLPZ1 ആണെങ്കിൽ അപ്‌ലോഡ് ചെയ്യുന്ന ഫയലിന്റെ പേര് 090921SANLPZ1.jpg അല്ലെങ്കിൽ 090921SANLPZ1.pdf എന്ന് ആയിരിക്കണം.

11. ചിത്രങ്ങൾ അപ്‌ലോഡ് ചെയ്യാൻ നൽകിയിരിക്കുന്ന അനുവദനീയ സമയം കഴിയുന്നതിന് മുൻപ് തന്നെ രജിസ്റ്റർ ചെയ്ത ഇമെയിലിൽ ലഭിച്ച ലിങ്ക് വഴി പെയിന്റിങ്ങ് അപ്‌ലോഡ് ചെയ്യുക. നിശ്ചിത സമയത്തിനുശേഷം ലിങ്ക് പ്രവർത്തനരഹിതമാകും.

മറ്റ് നിർദ്ദേശങ്ങൾ

1. യഥാർത്ഥ പെയിന്റിങ്ങ് സൂക്ഷിച്ചുവയ്ക്കുക. ആവശ്യപ്പെടുമ്പോൾ അത് ഐഎസ്ആർഒയ്ക്ക് സമർപ്പിക്കണം.
2. പങ്കെടുക്കുന്നയാൾ ചിത്രം വരയ്ക്കുന്നതിന്റെ വീഡിയോ (5 മിനുട്ട് )പകർത്തുകയും ആവശ്യപ്പെടുമ്പോൾ അത് കൈമാറുകയും വേണം .
3. മത്സരം നടക്കുമ്പോൾ മത്സരാർത്ഥികളെ നിരീക്ഷിക്കുന്നതിനായി സംഘാടകർ ഗൂഗിൾ മീറ്റ്/വാട്ട്സാപ്പ് വഴി ബന്ധപ്പെടുന്നതായിരിക്കും.
4. ആവശ്യപ്പെടുന്നപക്ഷം സ്കൂൾ ഐഡന്റിറ്റി കാർഡിന്റെ കോപ്പി സമർപ്പിക്കേണ്ടതാണ്.
5. തെറ്റായ ഏതു നടപടിയും ഗൗരവമായി കാണുന്നതാണ്.
6. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.